## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1524 — 03.10.2016 ൽ മറുപടിയ്ക്ക്

### ഓണക്കിറ്റ്

**ചോദ്യം**

ശ്രീമതി ഇ.എസ്.ബിജിമോൾ
ശ്രീമതി ഗീതാ ഗോപി
ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ
ശ്രീ. മുഹമ്മദ് മുഹസിൻ പി.

**ഉത്തരം**

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

(എ) ഓണക്കാലത്ത് ഭക്ഷ്യ സാധനങ്ങൾ കുറഞ്ഞ വിലക്ക് എല്ലാവർക്കും ലഭ്യമാകുന്നു എന്ന് ഉറപ്പു വരുത്തുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് സർക്കാർ ഒരുക്കിയതെന്ന് അറിയിക്കുമോ;

(എ) 2016 ലെ ഓണം — ബക്രീദ് ഉത്സവകാലത്ത് സംസ്ഥാനത്തുടനീളം ഓണച്ചന്തകൾ സംഘടിപ്പിച്ച് പൊതുജനങ്ങൾക്ക് ന്യായവിലയ്ക്ക് പച്ചക്കറികൾ ഉൾപ്പെടെയുള്ള അവശ്യവസ്തുക്കൾ ആവശ്യാനുസരണം ലഭ്യമാക്കി. 14 ജില്ലാ ഫെയറുകൾ, 75 താലൂക്ക് ഫെയറുകൾ, 71 ഓണം മാർക്കറ്റുകൾ എന്നിവ മുഖേന പച്ചക്കറികൾ ഉൾപ്പെടെയുള്ള അവശ്യ ഭക്ഷ്യവസ്തുക്കൾ ന്യായവിലയ്ക്ക് ലഭ്യമാക്കി. മാവേലി സ്റ്റോറുകളില്ലാത്ത 25 പഞ്ചായത്തുകളിൽ ഓണച്ചന്തകൾ സംഘടിപ്പിച്ചു മാവേലി സ്റ്റോറുകളില്ലാത്ത മറ്റു '7' പഞ്ചായത്തുകളിൽ മൊബൈൽ മാവേലി സ്റ്റോറുകൾ വഴി ഓണക്കാലത്ത് അവശ്യസാധനങ്ങൾ ലഭ്യമാക്കി കൂടാതെ സപ്ലൈകോയുടെ എല്ലാ ചില്ലറ വിൽപ്പനശാലകളും ഓണക്കാലത്തെ ഉത്രാടം വരെയുള്ള അഞ്ചുദിവസം ഓണം മിനിഫെയറുകളായി പ്രവർത്തിച്ചു ഇപ്രകാരം സംസ്ഥാനത്തുട നീളം 1464 ഓണച്ചന്തകൾ പ്രവർത്തിച്ചു

(ബി) പാവപ്പെട്ട കുടുംബങ്ങൾക്ക് നല്കുന്ന ഓണക്കിറ്റിൽ എന്തൊക്കെ സാധനങ്ങളാണ് ഉൾപ്പെടുത്തിയത് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഓണക്കാലത്ത് 16.06 ലക്ഷം BPL കുടുംബങ്ങൾക്ക് 2 കിലോ മട്ട/ കുറുവ അരി, 200 ഗ്രാം മുളക്, 100 ഗ്രാം തേയില എന്നിവയടങ്ങിയ സൗജന്യ ഓണക്കിറ്റ് വിതരണം സപ്ലൈകോ വില്പനശാലകളിലൂടെ നടത്തിയിട്ടുണ്ട്

(സി) ഓണക്കാലത്ത് കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

(സി) എല്ലാ സപ്ലൈകോ വിൽപ്പനശാലകളിലും അവശ്യ ഭക്ഷ്യവസ്തുക്കളുടെ സ്റ്റോക്ക് ഉറപ്പുവരുത്തുന്നതിനും അവയുടെ ദുരുപയോഗം തടയുന്നതിനും SP റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ

(വിജിലൻസ് ഓഫീസർ) നേതൃത്വത്തിൽ വിജിലൻസ് സ്ക്വാഡുകൾ, ഇന്റേണൽ ഓഡിറ്റ് വിഭാഗം എന്നിവർ മുഖേന പരിശോധന നടത്തി.

ഓണം – ബക്രീദ് കാലയളവിൽ അവശ്യ വസ്തുക്കളുടെയും നിത്യോപയോഗ സാധനങ്ങളുടെയും കരിഞ്ചന്ത, പൂഴ്ത്തിവെയ്പ്പ് എന്നിവ തടഞ്ഞ് അവയുടെ ലഭ്യതയും ന്യായവില വിപണനവും ഉറപ്പ് വരുത്തുന്നതിനായി വകുപ്പ്തല പരിശോധന കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി താലൂക്ക്/ ജില്ല/ മേഖലാതല സ്പെഷ്യൽ സ്ക്വാഡുകളും സംസ്ഥാനതല ത്തിൽ ഫ്ലൈയിംഗ് സ്ക്വാഡുകളും രൂപീകരിച്ചു ഇപ്രകാരം രൂപീകരിക്കപ്പെട്ട 103 സ്ക്വാഡുകൾ 25.08.2016 മുതൽ പ്രവർത്തിച്ചു വന്നിരുന്നു. കൂടാതെ വിലക്കയറ്റം സംബന്ധിച്ച് പൊതുജനങ്ങളുടെ പരാതികൾ സ്വീകരിക്കുന്നതിനും ആയത് പരിഹരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനും ടി സ്ക്വാഡുകളുടെ പരിശോധന നിരീക്ഷിച്ച് ദൈനംദിന പരിശോധനയുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനുമായി 25.08.2016 മുതൽ സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിൽ കൺട്രോൾ റൂം രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. ഇതിന് പുറമെ താലൂക്ക്/ ജില്ല/ മേഖലാതല കൺട്രോൾ റൂമുകളും പ്രവർത്തിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ